# ഭരണഘടന

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

# ഭരണഘടന

**1. പേര്**

ഈ സംഘടനയുടെ പേര് [1]കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എന്നായിരിക്കും.

**2. ആസ്ഥാനം**

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കും.

**3. ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും**

എ. താഴെപ്പറയുന്നവ ആർജ്ജിക്കുവാൻ സാധിതമാകുന്നതിനു സംസ്ഥാനത്തെ [2]തദ്ദേശഭരണസ്ഥാപനങ്ങളെ ഒരു പൊതു വേദിയിൽ കൊണ്ടുവരിക.

1. പഞ്ചായത്തുകളുടെ പരസ്പരകൂട്ടുകെട്ടുകൊണ്ട് ശക്തി യാർജ്ജിക്കുകയും ജനാധിപത്യത്തിന്റെയും ദേശീയവികസ നത്തിന്റെയും കാര്യക്ഷമങ്ങളായ ഉപകരണങ്ങളായി തീരു കയും ചെയ്യുക.
2. പൊതുപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു കൂടിയാലോ ചിച്ച് പൊതുലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുക.
3. അനുഭവങ്ങൾ പരസ്പരം കൈമാറുക.
4. [3]തദ്ദേശഭരണസ്ഥാപനങ്ങൾ ഒറ്റപ്പെട്ടുനിൽക്കാതെ ദേശീയ വീക്ഷണം വളർത്തുക.

ബി. [4]തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, നിയമാവലികൾ മുതലായവ പഠിച്ച് ശരിയായി

---

[1] 2010 മെയ് 19 ന് തിരുവനന്തപുരത്തുവച്ച് കൂടിയ സമ്മേളനം ഈ സ്ഥാപനത്തിന്റെ പേര് 'കേരള പഞ്ചായത്ത് അസോസിയേഷൻ' എന്നതിൽ നിന്നും മാറ്റി 'കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ' എന്നാക്കി.

[2] പഞ്ചായത്തുകളെ എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളെ എന്നാക്കി.

[3] പഞ്ചായത്തുകൾ എന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നാക്കി.

[4]പഞ്ചായത്തുകളുടെ എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ എന്നാക്കി.

പ്രാവർത്തികമാക്കുന്നതിനു പോംവഴികൾ നിർദ്ദേശിക്കുക.

സി. പഞ്ചായത്തുകൾ ശരിയായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് ആവശ്യമായ പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമനിർമ്മാണങ്ങൾ ഉണ്ടാക്കുന്നതിനും നിലവിലുള്ളവയ്ക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുക.

ഡി. കാലാകാലങ്ങളിൽ പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു കൂട്ടായി പ്രവർത്തിക്കുകയും ചെയ്യുക.

ഇ. തദ്ദേശസ്വയംഭരണത്തെപ്പറ്റി പൊതുവിലും പഞ്ചായത്തുകളെ സംബന്ധിച്ച് പ്രത്യേകിച്ചും അഭിപ്രായങ്ങൾ രൂപീകരിക്കുക.

എഫ്. [5]സ്ത്രീകളെ ഭരണവികസനമേഖലകളിൽ സജീവമാക്കുക.

ജി. സമുദായത്തോട് ഒന്നാകെയും സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളോടു പ്രത്യേകിച്ചും നിർവഹിക്കാനുള്ള ചുമതലകളെയും ഉത്തരവാദിത്വത്തെയും സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാരെ ബോധവാന്മാരാക്കുക.

എച്ച്. പഞ്ചായത്ത്ഭരണവുമായി ബന്ധപ്പെട്ടവർക്കു പരിശീലനം നൽകുന്നതിനുവേണ്ടി പരിശീലനകേന്ദ്രങ്ങൾ ഏറ്റെടുത്തു നടത്തുകയും സ്ഥാപിക്കുകയും ചെയ്യുക.

[6] ഐ.1. തദ്ദേശസ്വയംഭരണത്തെയും ഗ്രാമജീവിത

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[5] നേരത്തേ എഫ് ആയി കൊടുത്തിരുന്നത് ജനങ്ങളിൽ സ്വാശ്രയശീലവും പരസ്പര സഹായബോധവും വളർത്തുക. എന്നതായിരുന്നു. അത് മാറ്റി സ്ത്രീകളെ ഭരണവികസനമേഖലകളിൽ സജീവമാക്കുക എന്ന് കൂട്ടിച്ചേർത്തു.

[6] ഐ എന്ന ക്രമനമ്പർ ഐ1 എന്നാക്കി.

ത്തെയും കുറിച്ച് പൊതുവിലും പഞ്ചായത്ത് രാജിനെക്കുറിച്ച് പ്രത്യേകിച്ചും പഠനം, ഗവേഷണം മുതലായ നടത്തുക.

[6-1] ഐ.2. കേരളത്തിലെ ഗ്രാമങ്ങളിൽ അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന നഗരവത്കരണവും അതുമൂലം ഉണ്ടാകുന്ന ഭരണപരവും നിയമപരവും സാങ്കേതികപരവും പാരിസ്ഥിതികപരവും ആയ പ്രതിസന്ധികൾ പഠനവിധേയമാക്കുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.

ജെ. പദ്ധതികളുടെ രൂപീകരണം, വിലയിരുത്തൽ, അവലോകനം പ്രവർത്തനരംഗങ്ങൾ പരിശോധിക്കൽ മുതലായവ നടത്തുക.

കെ. ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ മുതലായ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക.

എൽ. ഉദ്ദിഷ്ടലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സ്റ്റേറ്റ് ഗവൺമെന്റ്, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുക.

എം. വിദേശങ്ങളിലെയും ഇതരസ്ഥാപനങ്ങളിലെയും തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ച നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, അവയുടെ പ്രവർത്തനങ്ങൾ മുതലായവ പഠിച്ച് അവയിലെ സവിശേഷതകളെ സംബന്ധിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുക.

എൻ. കേരള പഞ്ചായത്ത് അസോസിയേഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമാണെന്നു തോന്നുന്ന എല്ലാ പ്രവൃത്തികളും ചെയ്യുക.

---

[6-1] എ.2 കേരളത്തിലെ ഗ്രാമങ്ങളിൽ.... (ഈ ഉദ്ദേശ്യലക്ഷ്യം പുതുതായി കൂട്ടിച്ചേർത്തത്)

**4. കേരള പഞ്ചായത്ത് അസോസിയേഷന്റെ ഘടന**

കേരള പഞ്ചായത്ത് അസോസിയേഷന്റെ ഘടന താഴെപ്പറയുന്ന വിധത്തിലായിരിക്കും.

1. ഒരു ജനറൽബോഡി
2. ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി
3. [7]ജില്ലാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽബോഡികൾ
4. [8]ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റികൾ
5. [8]ബ്ലോക്ക്തല ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽബോഡി
6. [8]ബ്ലോക്ക്തല ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി

**5. [9]കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അംഗത്വം**

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അസോസിയേഷനിൽ അംഗത്വമുണ്ടായിരിക്കും. ഓരോ ഗ്രാമപഞ്ചായത്തിനെയും അതിന്റെ പ്രസിഡന്റ് പ്രതിനിധീകരിക്കുന്നതായിരിക്കും. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റും വൈസ്പ്രസിഡന്റിന്റെ അഭാവത്തിൽ പഞ്ചായത്ത് തിരഞ്ഞെടുക്കുന്ന ഒരു അംഗവും പ്രതിനിധീകരിക്കുന്നതായിരിക്കും.

(എ.) [10]ഓരോ പഞ്ചായത്തും ആയിരം രൂപ (1000/-) വാർഷികഫീസ് അടച്ചിരിക്കേണ്ടതാണ്.

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[7] ജില്ലാ ഗ്രാമപഞ്ചായത്ത് അസോസിയേഷനുകൾ എന്നത് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽബോഡി എന്നാക്കി.

[8] 4-ൽ 4, 5, 6 എന്നിവ പുതുതായി കൂട്ടിച്ചേർക്കപ്പെട്ടവയാണ്.

[9] കേരള പഞ്ചായത്ത് അസോസിയേഷന്റെ അംഗത്വം എന്ന 5-ാം തലക്കെട്ട് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അംഗത്വം എന്നാക്കി മാറ്റി.

[10] ഓരോ പഞ്ചായത്തും താഴെപറയുന്ന വാർഷികഫീസ് അടച്ചിരിക്കേണ്ടതാണ്. എ. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് -250; ബി, ഒന്നാംഗ്രേഡ് പഞ്ചായത്ത് -125; സി. രണ്ടാംഗ്രേഡ് പഞ്ചായത്ത് -100; ഡി. മൂന്നാംഗ്രേഡ് പഞ്ചായത്ത് -50 എന്നത് ഓരോ പഞ്ചായത്തും 1000 രൂപ വീതം വാർഷികഫീസ് അടച്ചിരിക്കേണ്ടതാണ് എന്ന് ഭേദഗതി വരുത്തി.

ബി. വാർഷികഫീസ് എല്ലാ വർഷവും മാർച്ച് 31-ാം തീയതിക്കു മുൻപ് അടയ്ക്കേണ്ടതാണ്.

**6. ജനറൽ ബോഡി**

1. സംസ്ഥാനത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ജനറൽബോഡിയിൽ പ്രാതിനിധ്യമുണ്ടായിരിക്കും. ഓരോ പഞ്ചായത്തിനെയും അതിന്റെ പ്രസിഡന്റോ പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ, വൈസ് പ്രസിഡന്റിന്റെ അഭാവത്തിൽ പഞ്ചായത്ത് തിരഞ്ഞെടുക്കുന്ന ഒരു അംഗമോ ജനറൽ ബോഡി യോഗത്തിൽ പ്രതിനിധീകരിക്കേണ്ടതാണ്. മാർച്ച് 31-ാം തീയതിക്കകം അതതുവർഷത്തെ വരിസംഖ്യ അടയ്ക്കാത്ത അംഗങ്ങൾക്കു വോട്ടവകാശമുണ്ടായിരിക്കുന്നതല്ല.

6 (1) എ വാർഷികവരിസംഖ്യയിൽ പഞ്ചായത്തുകൾ കുടിശിഖ വരുത്തുന്നപക്ഷം വർഷങ്ങളിലെയോ മുഴുവനായോ ഭാഗികമായോ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും ബാധകമായവിധം റദ്ദുചെയ്യുവാൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. പ്രത്യേക പരിതസ്ഥിതികളിൽ അതേവരെയുള്ള കുടിശിഖ അടച്ചുതീർക്കുന്നതിനുള്ള സമയം മൂന്നുമാസത്തേക്കു കൂടി നീട്ടിക്കൊടുക്കുന്നതിനും വരിസംഖ്യ കുടിശിഖ വരുത്തിയിട്ടുള്ള അംഗങ്ങൾക്കുകൂടി വോട്ടവകാശം നൽകുന്നതിനും ജനറൽബോഡിയുടെ പ്രത്യേക തീരുമാനമനുസരിച്ച് അധികാരമുണ്ടായിരിക്കുന്നതാണ്.

6 (1) ബി 6 (1) വകുപ്പിൽ പറയുന്ന പ്രകാരം വാർഷിക വരിസംഖ്യയിനത്തിലുള്ള കുടിശിഖ റദ്ദുചെയ്യുന്നതിനുമുൻപായി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ഭൂരിപക്ഷം ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ അംഗീകാരം മുൻകൂട്ടി വാങ്ങിയിരിക്കേണ്ടതാണ്.

6 (1) സി 6 (1), 6 (1) ബി ഉപവകുപ്പുകൾ പ്രകാരം വാർഷി

കവരിസംഖ്യ റദ്ദുചെയ്തുകഴിഞ്ഞാൽ അപ്രകാരം റദ്ദുചെയ്യപ്പെടുന്ന കുടിശിഖ വരുത്തിയ പഞ്ചായത്തുകളുടെ പ്രതിനിധികൾക്കു മറ്റു കുടിശിഖയൊന്നുമില്ലാത്തപക്ഷം ജനറൽബോഡിയിൽ വോട്ടവകാശമുണ്ടായിരിക്കുന്നതാണ്.

2. എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ചുരുങ്ങിയത് ആണ്ടിലൊരിക്കൽ ജനറൽബോഡിയോഗം കൂടേണ്ടതാണ്. എന്നാൽ ആകെ അംഗസംഖ്യയുടെ പത്തിലൊന്നു ഭാഗത്തിൽ കുറയാത്ത മെമ്പർമാർ ആവശ്യപ്പെടുന്ന പക്ഷം ജനറൽബോഡിയുടെ ഒരു അസാധാരണ യോഗം കൂടേണ്ടതാണ്.
3. ജനറൽബോഡി യോഗം പൊതുവായ നയപരിപാടികൾ ആവിഷ്കരിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റി അവ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.
4. ജനറൽബോഡിയുടെ കോറം ആകെ അംഗസംഖ്യയുടെ പത്തിലൊന്ന് ആയിരിക്കും.

## 7. എക്സിക്യൂട്ടീവ് കമ്മിറ്റി

1. ജനറൽബോഡി യോഗത്തിൽവച്ചു തന്നെ അതതു ജില്ലകളിൽനിന്നുമുള്ള പ്രതിനിധികൾ പ്രത്യേകം പ്രത്യേകം സമ്മേളിച്ച് അതതു ജില്ലകളിൽനിന്നു മൂന്നു പ്രതിനിധികളെ വീതം എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുത്ത് അപ്പോൾത്തന്നെ പ്രതിനിധികളുടെ പേരുകൾ ജനറൽബോഡി യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

2. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കോറം മൂന്നിലൊന്ന് ആയിരിക്കും.

## 8. ഭാരവാഹികൾ

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ അവരിൽനിന്ന് ഒരു പ്രസിഡന്റ്, മൂന്ന് വൈസ് പ്രസിഡന്റുമാർ, ഒരു ജനറൽ സെക്രട്ടറി, മൂന്ന് ജോയിന്റ് സെക്രട്ടറിമാർ എന്നിവരെ തെരഞ്ഞെടുക്കുന്നതാണ്.

## 9. [11]ഉദ്യോഗസ്ഥർ/ജീവനക്കാർ

അസോസിയേഷന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുന്നതിന് ശമ്പളംപറ്റുന്ന ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രസിഡന്റ് നിയമിക്കുന്നതാണ്.

## 10. ഔദ്യോഗിക കാലാവധി

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ഔദ്യോഗിക കാലാവധി പഞ്ചായത്തുകളുടെ കാലാവധിയായിരിക്കും. എന്നാൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് അവർ പ്രതിനിധീകരിക്കുന്ന പഞ്ചായത്തുകളിൽ സ്ഥാനം ഇല്ലാതാകുമ്പോൾ അസോസിയേഷനിലെ അംഗത്വവും ഭാരവാഹിത്വവും ഇല്ലാതായിത്തീരുന്നതാണ്. അപ്രകാരം സംഭവിക്കുന്നപക്ഷം ഒഴിവുവന്ന സ്ഥാനത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാരെ അതതു ജില്ലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിക്കുന്ന പ്രകാരം കേരള പഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്. പഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ് സ്ഥാനം ഒഴിവാകുകയാണെങ്കിൽ പുതിയ പ്രസിഡന്റിനെ എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുക്കുന്നതുവരെ വൈസ് പ്രസിഡന്റ് പ്രസിഡന്റിന്റെ ചുമതലകൾ വഹിക്കേണ്ടതാണ്. പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗം ഒരു മാസത്തിനകം വൈസ്പ്രസിഡന്റ് വിളിച്ചുകൂട്ടേണ്ടതാണ്.

ഈ തത്വമനുസരിച്ച് മറ്റു ഭാരവാഹികളുടെ സ്ഥാനങ്ങളിൽ വരുന്ന ഒഴിവുകളും നികത്തേണ്ടതാകുന്നു. പഞ്ചായത്തുകളുടെ

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[11] 9-ാം തലക്കെട്ട് ഓഫീസ് സെക്രട്ടറി എന്നത് മാറ്റി ഉദ്യോഗസ്ഥർ/ജീവനക്കാർ എന്നാക്കി. ശമ്പളം പറ്റുന്ന ഒരു ഓഫീസ് സെക്രട്ടറിയെ നിയമിക്കാം എന്ന് സൂചിപ്പിച്ചിരുന്നത് മാറ്റി ഉദ്യോഗസ്ഥർ/ജീവനക്കാർ എന്നിവരെ നിയമിക്കാം എന്നാക്കി.

കാലാവധി തീരുന്നതുമൂലമോ മറ്റു സംഭവവികാസങ്ങളാലോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി അവസാനിച്ചാലും പുതിയ കമ്മിറ്റി ചാർജെടുക്കുന്നതുവരെ നിലവിലുള്ള കമ്മിറ്റി അംഗങ്ങൾ അധികാരത്തിൽ തുടരുന്നതാണ്. പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കാനുള്ള ജനറൽ ബോഡി യോഗം നിലവിലുള്ള കമ്മിറ്റിപുതിയ പഞ്ചായത്തുകൾ അധികാരത്തിൽവന്ന് ഒരു മാസത്തിനുള്ളിൽ വിളിച്ചുകൂട്ടേണ്ടതാണ്.

**11.(എ) [12]ജില്ലാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

1. അതതു ജില്ലകളിലെ എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ പഞ്ചായത്ത് അസോസിയേഷൻ രൂപീകരിക്കേണ്ടതാണ്. പ്രസിഡന്റോ, പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ്പ്രസിഡന്റോ, വൈസ്പ്രസിഡന്റിന്റെ അഭാവത്തിൽ പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ഒരംഗമോ ജില്ലാ പഞ്ചായത്ത് അസോസിയേഷനിൽ പ്രാതിനിധ്യം വഹിക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്ത് അസോസിയേഷന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കും. അതതു ജില്ലയിൽനിന്നും കേരള പഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കുന്ന അംഗങ്ങളായ മൂന്നുപേരും ജില്ലയിലെ എല്ലാ ബ്ലോക്കുകൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ട് തെരഞ്ഞെടുക്കുന്ന അംഗങ്ങളും ഉൾപ്പെട്ട 25 -ൽ കൂടാത്ത അംഗസംഖ്യയായിരിക്കണം ആ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടത്. ജില്ലാ പഞ്ചായത്ത് അസോസിയേഷനിൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളും അംഗങ്ങളായിരിക്കും.
3. പ്രത്യേകം വിളിച്ചുകൂട്ടിയ ജനറൽബോഡി യോഗത്തിൽവച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്. ജനറൽബോഡി യോഗത്തിന്റെ കോറം അഞ്ചിൽ

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[12] 11-ാം സെഷനിൽ ജില്ലാ പഞ്ചായത്ത് അസോസിയേഷൻ എന്നത് ജില്ലാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എന്നാക്കി.

ഒന്നായിരിക്കും.

4. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ അവരിൽനിന്ന്, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.
5. ജില്ലാ പഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കോറം മൂന്നിലൊന്നായിരിക്കും.
6. കേരള പഞ്ചായത്ത് അസോസിയേഷന്റെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും നേടുന്നതിനുവേണ്ടി കൂട്ടായി പ്രവർത്തിക്കുന്നതിനു ജില്ലാ പഞ്ചായത്ത് അസോസിയേഷനു ചുമതലയുണ്ടായിരിക്കുന്നതാണ്. ജില്ലാ പഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾ കേരള പഞ്ചായത്ത് അസോസിയേഷന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കും. കാലാകാലങ്ങളിൽ ജില്ലാ പഞ്ചായത്ത് അസോസിയേഷനെ കേരള പഞ്ചായത്ത് അസോസിയേഷൻ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനും ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.
7. കേരള പഞ്ചായത്ത് അസോസിയേഷൻ വാർഷികവരിസംഖ്യയായി അതതു ജില്ലകളിൽനിന്നും ലഭിക്കുന്ന സംഖ്യയിൽനിന്ന് 50% അതതു ജില്ലാ പഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തന ചെലവുകൾക്കും, ആഫീസ് സംരക്ഷണത്തിനും നൽകേണ്ടതാണ്.
8. എല്ലാ ജില്ലാ പഞ്ചായത്ത് അസോസിയേഷനുകൾക്കും ഒരു ആസ്ഥാനം ഉണ്ടായിരിക്കേണ്ടതാണ്.

## 11.(ബി) [14]ബ്ലോക്ക് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽബോഡി

1. ഒരു ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അംഗങ്ങളായിരിക്കും.
2. മൂന്ന് മാസത്തിൽ ഒരിക്കൽ ഈ ജനറൽബോഡി കൂടേണ്ടതാണ്.

---

[13] സെഷൻ 11 എ യിൽ 8 പുതുതായി കൂട്ടിച്ചേർത്തതാണ്.

[14] സെഷൻ 11 ബി യിൽ പൂർണമായും പുതുതായി കൂട്ടിച്ചേർത്തതാണ്.

3. അതത് ബ്ലോക്കിൽ നിന്നുള്ള ജില്ലാ എക്സിക്യൂട്ടീവ് മെമ്പർമാർക്കായിരിക്കും അതത് ബ്ലോക്കിന്റെ ചുമതല.
4. എക്സിക്യൂട്ടീവ് അംഗങ്ങൾ ഇല്ലാത്ത ബ്ലോക്കിന് മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ചുമതല നൽകാവുന്നതാണ്.

**12. തിരഞ്ഞെടുപ്പ് വ്യവസ്ഥ**

കേരള പഞ്ചായത്ത് അസോസിയേഷന്റെ വിവിധ ഘടകങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ട രീതിയെയും വ്യവസ്ഥയെയും സംബന്ധിച്ച് കേരള പഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

**13.(എ) [15]ഭാരവാഹികളുടെ ചുമതലകൾ**

കേരള പഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ് ജനറൽ ബോഡി യോഗത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലും ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. പ്രസിഡന്റിന്റെയും വൈസ്പ്രസിഡന്റിന്റെയും അഭാവത്തിൽ ഹാജരുള്ള അംഗങ്ങളിൽനിന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന ഒരാൾ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

ഈ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിധേയമായി കേരള പഞ്ചായത്ത് അസോസിയേഷന്റെ എല്ലാ ഘലകടങ്ങളുടെയും പ്രവർത്തനങ്ങളുടെ മേൽ പൊതുനിയന്ത്രണാധികാരം പ്രസിഡന്റിനുണ്ടായിരിക്കുന്നതാണ്.

*വൈസ് പ്രഡിഡന്റ്*

പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് പ്രസിഡന്റിന്റെ ചാർജ് വഹിക്കുന്നതാണ്.

*ജനറൽ സെക്രട്ടറി*

1. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെയും ജനറൽബോഡി

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[15] 13 എന്നത് സെഷൻ നമ്പർ 13 എ എന്നാക്കി.

യോഗത്തിന്റെയും നടപടിക്കുറിപ്പുകൾ രേഖപ്പെടുത്തി സൂക്ഷിക്കുക.

2. അസോസിയേഷന്റെ കണക്കുകളും രേഖകളും സൂക്ഷിക്കുക.
3. കേരള പഞ്ചായത്ത് അസോസിയേഷനുവേണ്ടി എഴുത്തുകുത്തുകൾ നടത്തുക.
4. ആഫീസ് പ്രവർത്തനത്തിൽ മേൽനോട്ടം വഹിക്കുക.
5. സ്റ്റാഫിന്റെ മേൽ നിയന്ത്രണം പാലിക്കുക.
6. എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽബോഡിയിലും ശരിയായ കണക്കുകൾ സമർപ്പിക്കുക.
7. പ്രവർത്തനപുരോഗതിയെ കാണിക്കുന്ന ആനുകാലികറിപ്പോർട്ടുകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽബോഡിയിലും സമർപ്പിക്കുക.
8. പഞ്ചായത്ത് അസോസിയേഷന്റെ വിവിധ പരിപാടികളും നയങ്ങളും കാലാകാലങ്ങളിൽ നടപ്പിൽ വരുത്തുക. പ്രസിഡന്റിന്റെ കീഴ് ഒപ്പോടുകൂടി ചെക്ക് എഴുതി അസോസിയേഷന്റെ കണക്കിൽനിന്നും പണം വാങ്ങുക. അസോസിയേഷന്റെ ഖജാൻജിയായി പ്രവർത്തിക്കുക.

*ജോയിന്റ് സെക്രട്ടറി*

ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി ജനറൽ സെക്രട്ടറിയുടെ ചുമതലകൾ വഹിക്കേണ്ടതാണ്.

ജനറൽ സെക്രട്ടറി അപ്പപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ ചെയ്തുതീർക്കേണ്ടത് ഓഫീസ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ചുമതലയാകുന്നു. [16]ശമ്പളം പറ്റുന്ന ജീവനക്കാരുടെ ഉത്തരവാദിത്വങ്ങൾ ഒറ്റയ്ക്കും കൂട്ടായും നഷ്ടോത്തരവാദപ്രകാരമുള്ളതായിരിക്കും.

**13. (ബി) [17]കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും**

---

[16] സെഷൻ 13 എ യിൽ ജനറൽ സെക്രട്ടറി അനുബന്ധമായി– ശമ്പളം പറ്റുന്ന ജീവനക്കാരുടെ ഉത്തരവാദിത്വങ്ങൾ ഒറ്റയ്ക്കും കൂട്ടായും നഷ്ടോത്തരവാദപ്രകാരം ഉള്ളതായിരിക്കും എന്ന് കൂട്ടിച്ചേർത്തു.

[17] സെഷൻ13ബി1, ബി 2, ബി 3 എന്നിവ പുതുതായി കൂട്ടിച്ചേർത്തു.

**13. (ബി) 1. ബ്ലോക്ക് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽബോഡി**

എ. മൂന്ന് മാസത്തിലൊരിക്കൽ ജനറൽബോഡി യോഗം ചേരുക

ബി. ബ്ലോക്ക്തലത്തിൽ പഞ്ചായത്തുകളുടെ കൂട്ടായ്മ വളർത്തുക.

സി. പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, കൗൺസിൽ യോഗങ്ങൾ, ജീവനക്കാർ തുടങ്ങിയ വിഷയങ്ങൾ, പ്രശ്നങ്ങൾ, പ്രതിസന്ധികൾ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ യോഗത്തിൽ ചർച്ചചെയ്യുക.

ഡി. പഞ്ചായത്തിലെ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ ഇവയുടെ പ്രവർത്തനം, കാര്യക്ഷമത, ഗുണനിലവാരം, ജീവനക്കാർ തുടങ്ങിയവ ചർച്ചയ്ക്കു വിധേയമാക്കുക.

ഇ. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട വികസനസമീപനങ്ങൾ, പ്രശ്നങ്ങൾ, പ്രതിസന്ധികൾ, അനുഭവങ്ങൾ ചർച്ചചെയ്യുക.

എഫ്. വൈദഗ്ദ്ധ്യലഭ്യത, നിയമ ഉപദേശങ്ങൾ, ധനകാര്യ ഉപദേശങ്ങൾ, പരിശീലന സാധ്യത തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്യുക.

ജി. ഗ്രാമസഭ, പങ്കാളിത്തബഡ്ജറ്റ്, സദ്ഭരണം എന്നിവ ചർച്ചയ്ക്കു വിധേയമാക്കുക.

എച്ച്. പ്രാദേശികസന്നദ്ധസംഘടനകൾ, സാങ്കേതിക-വൈജ്ഞാനികസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണസാധ്യതകൾ ചർച്ചചെയ്യുക.

ഐ. സമ്പൂർണ്ണസാക്ഷരത, ശുചിത്വം, കുടിവെള്ളം, പാർപ്പിടം, ദാരിദ്ര്യനിർമ്മാർജ്ജനം, രോഗപ്രതിരോധം എല്ലാവർക്കും ഉറപ്പാക്കാനുള്ള വഴികൾ ചർച്ചചെയ്യുക.

ജെ. മദ്യപാനം, സ്ത്രീധനം, ബാലവേല, സ്ത്രീപീഡനം, റോഡപകടങ്ങൾ എന്നിവയിൽനിന്നുള്ള സമ്പൂർണ്ണമോചനം ചർച്ചയക്കു വിഷയമാക്കണം.

കെ. സംസ്ഥാന-ജില്ലാ നിർദ്ദേശങ്ങൾ ചർച്ച്ചെയ്യുക.

എൽ. പദ്ധതി ആസൂത്രണം, നിർവഹണം എന്നീ പ്രവർത്തനങ്ങൾ വിലയിരുത്തുക.

**13. (ബി) 2. ജില്ലാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

എ. മാസത്തിലൊരിക്കൽ യോഗം ചേരുക

ബി. സംസ്ഥാന അസോസിയേഷൻ തീരുമനങ്ങൾ നടപ്പാക്കുക

സി. ബ്ലോക്ക് അസോസിയേഷൻ തിരുമാനങ്ങൾ, നിർദ്ദേശങ്ങൾ ചർച്ച്ചെയ്യുക.

ഡി. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾ ചർച്ച ചെയ്യുക.

ഇ. വിവിധവകുപ്പുകൾ, ഉദ്യോഗസ്ഥ സംവിധാനം, പ്രവർത്തനം, കാര്യക്ഷമതവകുപ്പുതല ഉത്തരവുകൾ, സർക്കുലറുകൾ, സ്ഥലംമാറ്റങ്ങൾ, നിയമനങ്ങൾ, പഞ്ചായത്തുമായുള്ള സഹകരണം എന്നിവ ചർച്ച്ചെയ്യുക.

എഫ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ ജില്ലാതല കൂട്ടായ്മയ്ക്കു വേണ്ടി പ്രവർത്തിക്കുക.

ജി. ജില്ലാ പ്ലാൻ തയ്യാറാക്കാനും നടപ്പാക്കാനും സഹകരിക്കുകയും നേതൃത്വപരമായി വേണ്ട പിന്തുണ നൽകുകയും ചെയ്യുക.

എച്ച്. ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ജില്ലാതലത്തിൽ അനിവാര്യവിഷയങ്ങളിൽ പരിശീലനം നൽകുക.

ഐ. അംഗപഞ്ചായത്തുകൾക്ക് നിയമ ഉപദേശം, സാങ്കേതികസഹായം, ധനകാര്യ ഉപദേശം, ആഡിറ്റ് സഹായം എന്നിവ നൽകുക.

ജെ. തദ്ദേശഭരണസ്ഥാപനങ്ങളുടെ ശേഷി വികസനം ലക്ഷ്യമാക്കി ഗ്രേഡിംഗ്, മത്സരങ്ങൾ സംഘടിപ്പിക്കൽ, അനുഭവങ്ങൾ പങ്കുവയ്ക്കൽ, അവാർഡുകൾ, പ്രോത്സാഹനങ്ങൾ എന്നിവ നൽകൽ- നടപ്പാക്കുക.

കെ. ജില്ലാതലപ്രവർത്തനങ്ങളുടെ റിപ്പോർട്ടു പ്രതിമാസം സംസ്ഥാനഅസോസിയേഷൻ നൽകുക

**13. (ബി) 3. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ** അസോസിയേഷൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള എല്ലാ വകുപ്പുകളുടെയും കാര്യക്ഷമമായ നിർവഹണം നടത്തുക.

എ. ജീവനക്കാരുടെ ചുമതലകൾ– ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് യഥാസമയം ചട്ടങ്ങൾ ഉണ്ടാക്കുക.

ബി. ജീവനക്കാരുടെ നിയമനം, ശമ്പളം, നിയന്ത്രണം, ശിക്ഷണനടപടികൾ എന്നിവ സംബന്ധിച്ച് യഥാസമയം ചട്ടങ്ങൾ ഉണ്ടാക്കുക.

സി. അസോസിയേഷൻപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമെങ്കിൽ കൺസൾട്ടന്റുമാരെയും ഫാക്കൽറ്റികളെയും, റിസോഴ്സ് പേഴ്സണ്മാരെയും നിയമിക്കുവാൻ എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

**14. സാമ്പത്തികവർഷം**

അസോസിയേഷന്റെ സാമ്പത്തികവർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 ഉൾപ്പെടെയായിരിക്കും.

**15. ബഡ്ജറ്റ്**

എക്സിക്യൂട്ടീവ് കമ്മിറ്റികൾ അതത് അസോസിയേഷനുകളുടെ വാർഷികബഡ്ജറ്റ് മാർച്ച് 31–ന് മുൻപ് തയ്യാറാക്കി അതത് ജനറൽബോഡിയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

**16. ചട്ടങ്ങൾ**

അതത് എക്സിക്യൂട്ടീവ് കമ്മിറ്റികൾ ഭരണഘടനയ്ക്ക് വിരുദ്ധമല്ലാത്തതും തദനുസൃതവുമായ ചട്ടങ്ങൾ ഉണ്ടാക്കി അതത് അസോസിയേഷനുകളുടെ പ്രവർത്തനം ശരിയായി നടപ്പിൽ വരുത്തേണ്ടതാണ്.

**17. ഫണ്ട് നിക്ഷേപം**

കേരള പഞ്ചായത്ത് അസോസിയേഷന്റെ ഫണ്ട് എക്സിക്യൂ

ട്ടീവ് കമ്മിറ്റി തീരുമാനിക്കുന്ന ഏതെങ്കിലും ദേശസാൽകൃതബാങ്കുകളിൽ അസോസിയേഷന്റെ പേരിൽ നിക്ഷേപിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന സംഖ്യ ദൈനംദിനഭരണച്ചെലവുകൾക്കായി സൂക്ഷിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. [18]സെക്രട്ടറിക്ക് ദൈനംദിന ചെലവുകൾ നിർവഹിക്കവാൻ അസൗകര്യം ഉണ്ടാവുകയാണെങ്കിൽ അസോസിയേഷനിൽ നിന്നും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനെ ഇതിനുള്ള ഉത്തരവാദിത്വം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരമാനപ്രകാരം ഏൽപിക്കാവുന്നതും സെക്രട്ടറി യഥാസമയം നിരീക്ഷണവും ആവശ്യമായ പരിശോധനകളും നടത്തി എല്ലാം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 18. വ്യവഹാരം നടത്തുന്നതിനുള്ള അധികാരം

കേരള പഞ്ചായത്ത് അസോസിയേഷനുവേണ്ടി വ്യവഹാരം നടത്തേണ്ടത് ജനറൽസെക്രട്ടറിയായിരിക്കും. അസോസിയേഷന്റെ സ്വത്തുക്കൾ പ്രസിഡന്റിന്റെ പേരിൽ ആയിരിക്കുന്നതാണ്.

18 (എ). കേരള പഞ്ചായത്ത് അസോസിയേഷൻ ഏറ്റെടുത്തിട്ടുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ഗവൺമെന്റിൽനിന്നോ, ഗവൺമെന്റാഭിമുഖ്യത്തിലുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നോ, ദേശസാൽകൃതബാങ്കുകളിൽനിന്നോ, ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നോ വായ്പയെടുക്കുവാൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

18 (ബി) 18 (എ) ഉപവകുപ്പനുസരിച്ച് വായ്പയെടുക്കുമ്പോൾ ആവശ്യമായി വരുന്നപക്ഷം കേരള പഞ്ചായത്ത് അസോസിയേഷന്റെ സ്ഥാപരജംഗമവസ്തുക്കൾ പണയമായോ, ഈടായോ കൊടുക്കുന്നതിന് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[18] സെഷൻ 17 ൽ അവസാനഭാഗം സെക്രട്ടറിക്ക് ദൈനംദിനചെലവുകൾ നിർവഹിക്കാൻ എന്ന ഭാഗം മുതൽ കൂട്ടിച്ചേർക്കപ്പെട്ടതാണ്.

18 (സി) 18 (എ) 18 (ബി) ഉപവകുപ്പുകളനുസരിച്ച് വായ്പയെടുക്കുന്നതിനും പണയമോ ഈടോ കൊടുക്കുന്നതിനാവശ്യമായ ആധാരരേഖകൾ ചെയ്തുകൊടുക്കുവാനും കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിനും ജനറൽ സെക്രട്ടറിക്കും കൂട്ടായി അധികാരമുണ്ടായിരിക്കും.

**19. ഭരണഘടനയുടെ ഭേദഗതികൾ**

ഈ ഭരണഘടനയുടെ ഏതെങ്കിലും വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് ജനറൽബോഡിയുടെ ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടേണ്ടതും പ്രസ്തുതയോഗത്തിൽ ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗം അനുകൂലിച്ചാൽ ഭേദഗതി അംഗീകരിക്കേണ്ടതുമാണ്.

**20. ഓഡിറ്റ്**

അസോസിയേഷന്റെ കണക്കുകൾ ഗവൺമെന്റ് അംഗീകാരമുള്ള ഒരു ഓഡിറ്റർ ഓഡിറ്റു ചെയ്യേണ്ടതും. അതിനുമുൻപായി ജനറൽബോഡി തിരഞ്ഞെടുക്കുന്ന മൂന്നംഗ കമ്മിറ്റി ഓഡിറ്റു ചെയ്യേണ്ടതുമാണ്.

**21. അംഗങ്ങളുടെ അവകാശങ്ങൾ: ജനറൽബോഡി**

അതത് അസോസിയേഷനുകളുടെ കോറം വരുന്ന മെമ്പർമാർ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അതത് അസോസിയേഷനുകളുടെ ഭാരവാഹികൾ അതത് ജനറൽബോഡി യോഗം 30 ദിവസത്തിനുള്ളിൽ വിളിച്ചുകൂട്ടാത്തപക്ഷം കോറം വരുന്ന മെമ്പറന്മാർക്ക് ജനറൽബോഡി യോഗം വിളിച്ചുകൂട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

**22. എക്സിക്യൂട്ടീവ് കമ്മിറ്റി**

അതത് എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ കോറം വരുന്ന മെമ്പർമാർ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അതത് എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ സെക്രട്ടറിമാർ അതത് എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ യോഗം 15 ദിവസത്തിനുള്ളിൽ വിളിച്ചു

കൂട്ടാത്ത പക്ഷം കോറം വരുന്ന മെമ്പർമാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ യോഗം വിളിച്ചുകൂട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

### 23. സംയോജനാധികാരം

കേരള പഞ്ചായത്ത് അസോസിയേഷനെ ഏതെങ്കിലും അഖിലേന്ത്യാ, [19]അന്തർദേശീയ അസോസിയേഷനുകളുമായി സംയോജിപ്പിക്കുന്നതിന് ജനറൽബോഡിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

### 24. അവിശ്വാസപ്രമേയം

(എ.) ജനറൽബോഡി യോഗങ്ങളിൽ ഹാജരാകുന്ന മെമ്പർമാരുടെ ഭൂരിപക്ഷപ്രകാരം അവിശ്വാസപ്രമേയം പാസാക്കി എക്സിക്യൂട്ടീവ് കമ്മിറ്റികളെ പുറത്താക്കാവുന്നതാണ്.

(ബി.) എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ ഹാജരാകുന്ന മെമ്പർമാരുടെ ഭൂരിപക്ഷപ്രകാരം അവിശ്വാസപ്രമേയം പാസ്സാക്കി ഏതെങ്കിലും ഔദ്യോഗികഭാരവാഹികളെ പുറത്താക്കാവുന്നതാണ്.

(സി). ഇത്തരം യോഗങ്ങൾക്ക് ചുരുങ്ങിയത് 15 ദിവസത്തെ നോട്ടീസെങ്കിലും കൊടുക്കേണ്ടതാണ്.

### 25. പ്രത്യേക വ്യവസ്ഥകൾ

ജില്ലാ ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കും ഭരണങ്ങൾക്കും പ്രത്യേകമായി വ്യവസ്ഥകളില്ലാത്ത പക്ഷം പ്രായോഗികമാണെങ്കിൽ കേരള പഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കും ഭരണങ്ങൾക്കും ബാധകമായിട്ടുള്ള വ്യവസ്ഥകൾ ബാധകമാക്കേണ്ടതാണ്.

### 26. അസോസിയേഷൻ പിരിച്ചുവിടൽ

(എ.) പ്രത്യേകം വിളിച്ചുകൂട്ടുന്ന ജനറൽബോഡി യോഗം ആകെ അംഗസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗം ഭൂരിപക്ഷത്തോടെ

---

*2010 മെയ് 19 ന് വരുത്തിയ ഭേദഗതികൾ:*

[19] സെഷൻ 23 ൽ അന്തർദേശീയ എന്നുകൂടി കൂട്ടിച്ചേർത്തു.

തീരുമാനിക്കുന്നപക്ഷം ഈ അസോസിയേഷൻ പിരിച്ചുവിടാവുന്നതാണ്.
(ബി.) അങ്ങനെ പിരിച്ചുവിടുന്ന ജനറൽബോഡി യോഗം അസോസിയേഷന്റെ ആസ്തി ബാദ്ധ്യതകളെപ്പറ്റി തീരുമാനിക്കേണ്ടതുമാണ്.

**27. മാറ്റക്കാലവ്യവസ്ഥ**

ഈ ഭരണഘടനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1966 നവംബർ 13-ാം തീയതി കൂടുന്ന സംസ്ഥാനസമ്മേളനം ജില്ല തിരിഞ്ഞ് മൂന്നുവീതം തിരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും അവരിൽനിന്നും തിരഞ്ഞെടുക്കുന്ന ഭാരവാഹികളും ഈ ഭരണഘടനയ്ക്കനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയായും ഭാരവാഹികളായും പരിഗണിക്കുന്നതും ഭരണഘടന വ്യവസ്ഥചെയ്യുന്ന എല്ലാ അധികാരാവകാശങ്ങളും ഉണ്ടായിരിക്കുന്നതും ഭരണഘടനാപ്രകാരം തിരഞ്ഞെടുക്കപ്പെട്ട കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഭാരവാഹികളും നിലവിൽ വരുന്നതുവരെ അധികാരത്തിൽ തുടരുന്നതാണ്.